**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 19** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയുടെ സമഗ്ര മേഖലകളിലുമുള്ള വികസനം ഉറപ്പ് വരുത്തുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയ്ക്കായി പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ ഇടുക്കി പാക്കേജിനായി 75 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 22/01/2021ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാൻ 18/03/2022, 19/03/2022 എന്നീ തീയതികളിൽ സംസ്ഥാന ആസൂത്രണ ബോർഡിലെ മെമ്പർ (കൃഷി വിഭാഗം), ചീഫ് (കൃഷി വിഭാഗം) എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി സമഗ്രയോഗം ചേരുകയുണ്ടായി. ഇത് സംബന്ധിച്ച് ഇടുക്കി ജില്ലാകളക്ടർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിക്കുകയും സമയബന്ധിതമായി നടപ്പിലാക്കുന്നതിനു നടപടികൾ പുരോഗമിച്ചു വരികയുമാണ്. ജില്ലാ വികസന കമ്മീഷണറുടെ നേതൃത്വത്തിൽ ഇടുക്കി പാക്കേജിന്റെ സുഗമമായ നിർവ്വഹണത്തിന് ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് രൂപീകരിക്കുന്നതിന് ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2022 ജൂലൈ മാസത്തോടെ പാക്കേജിന്റെ ഈ വർഷത്തെ പരിപാടിക്ക് അന്തിമരൂപം നൽകാനാകും. |
| (ബി) | എത്ര രൂപയുടെ പാക്കേജാണ് ഇതുമായി ബന്ധപ്പെട്ട് | (ബി) | ഇടുക്കി പാക്കേജിനായി പ്രഖ്യാപിച്ച തുക |

| | | | |
|---|---|---|---|
| | പ്രഖ്യാപിച്ചിരുന്നത്; നാളിതുവരെ എത്ര രൂപ അനുവദിച്ചെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; വിശദാംശങ്ങൾ നൽകാമോ? | | ഘട്ടംഘട്ടമായി വരും സാമ്പത്തികവർഷങ്ങളിൽ വിവിധ വകുപ്പുകളിലൂടെയാണ് ചെലവഴിക്കുന്നത്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ എറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായ 2022-23 ൽ 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ